കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# നീലംപേരൂർ ഗ്രാമപഞ്ചായത്ത്

2017-2018

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി9-229/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.11.04.2019

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നീലംപേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി9-229/19 തീയതി – 11.04.2019

## ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമ പഞ്ചായത്ത്

## 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.4.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.2.2018 മുതൽ 07.03.2018 വരെ | ശ്രീ. വിജയകുമാർ. എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. രാജേഷ്. കെ. ജി, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. റോയി. ടി. എം, സീനി. ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.രജനി ബാബു | 01.04.2017മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.സാജുമോൻ പത്രോസ് | 01.04.2017മുതൽ 04.07.2017 വരെ |
| 2 | ശ്രീ.പെരുമാൾ പിള്ള | 05.07.2017മുതൽ 06.06.2017 വരെ |

| | | |
|---|---|---|
| 3 | ശ്രീ.സാജുമോൻ പത്രോസ് | 07.06.2017 മുതൽ 20.06.2017 വരെ |
| 4 | ശ്രീ.ഷേയിക് ബിജു.സി.എസ് | 21.06.2017മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.പ്രീനോ ഉതുപ്പാൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | ശ്രീമതി.സബിത രാജേഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.കെ.ഗോപാലകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസ കാര്യം | ശ്രീമതി. കുഞ്ഞുമോൾ വിജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ധന്യാ കൃഷ്ണൻ | 01.04.2017മുതൽ 12.06.2017 വരെ |
| | | ശ്രീ. അനിൽ. കെ. ആന്റോ | 13.06.2017മുതൽ 29.10.2017 വരെ |
| | | ശ്രീമതി. ദീപ. എസ് | 30.10.2017മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ഷീജ. വി. എം | 01.04.2017മുതൽ 31.032018 വരെ |
| 3 | ഐ.സിഡി.എസ്സൂപ്പർവൈസർ | ശ്രീമതി. രാജശ്രീ. വി | 01.04.2017മുതൽ 31.03.2018വരെ |
| 4 | വി.ഇ.ഒ (ഈര) (കൈനടി) | ശ്രീ. സതീശ് കുമാർ | 01.04.2017മുതൽ 31.03.2018വരെ |
| | | ശ്രീ. അലിയാർ | 01.04.2017മുതൽ 25.10.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ശില്പ ശശി | 01.04.2017മുതൽ 26.07.2017 വരെ |
| | | ഡോ. ടി. ടി. മാത്യു തോമസ് | 27.07.2017മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലീന ജാസ്മിൻ | 01.04.2017മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജീവൻ കുമാർ | 01.04.2017മുതൽ 4.11.2017 വരെ |
| | | ഡോ. രജനി ദാസ്. എം. കെ | 5.11.2017മുതൽ 14.11.2017 വരെ |
| | | ഡോ. ജീവൻ കുമാർ | 15.11.2017മുതൽ 9.01.2018 വരെ |
| | | ഡോ. ജയാ ഭാസ്കർ | 10.1.2018മുതൽ 31.03.2018 വരെ |
| 8 | ഹെഡ്മാസ്റ്റർ (ഗവ.എൽ.പി. എസ്) | ശ്രീമതി. വിജയമ്മ. സി. കെ | 01.04.2017മുതൽ 31.03.2018 വരെ |
| | | ശ്രീമതി. അജിത അനീഷ് | 01.04.2017 മുതൽ 1.08.2017വരെ |
| | | ശ്രീമതി. ആശാ രാജ് | 2.8.2017 മുതൽ 9.08.2017വരെ |
| | | ശ്രീമതി. റെനി സെബാസ്റ്റ്യൻ | 10.08.2017മുതൽ 25.10.2017 വരെ |
| | | ശ്രീമതി. ഹസറ | 26.10.2017മുതൽ 5.11.2017 വരെ |
| | | ശ്രീമതി. ആശാ രാജ് | 6.11.2017മുതൽ 13.11.2017 വരെ |
| | | ശ്രീ. ടി. ആർ. തിലകൻ | 14.11.2017മുതൽ 31.03.2018 വരെ |
| 9 | അസി. സെക്രട്ടറി | ശ്രീ. സാജുമോൻ പത്രോസ് | 01.04.2017 മുതൽ 18.06.2017വരെ |
| | | ശ്രീ. എം. പി. മഹിധരൻ | 19.06.2017മുതൽ 4.07.2017 വരെ |
| | | ശ്രീമതി. ഗീതമ്മ. എ. കെ | 05.07.2017മുതൽ 31.03.2018 വരെ |
| 10 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. രാജി. ആർ. നായർ | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച് |
| 3 | 2-2 | ലൈസൻസില്ലാതെയും നികുതി ഒടുക്കാതെയും എക്സ്പോർട്ടിംഗ് ഫാക്ടറി പ്രവർത്തിക്കുന്നു. |
| 4 | 2-3 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു– |
| 5 | 2-4 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ -- |
| 6 | 2-5 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് – പഞ്ചായത്തിന് ലഭിക്കേണ്ടതായ കളക്ഷൻ ചാർജ്ജ് ഡിമാന്റ് ചെയ്യുന്നില്ല |
| 7 | 2-6 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ തിരികെ ലഭ്യമാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല |
| ഭാഗം – 3 | | |
| 8 | 3-1 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 34.24 ലക്ഷം ചെലവഴിച്ചില്ല |
| 9 | 3-2 | അമൃതം ന്യൂട്രിമിക്സിന് അനധികൃതമായി ജി.എസ്.ടി ചുമത്തി. |
| 10 | 3-2 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. |
| 11 | 3-3 | ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ & വയറിംഗ് - കരാറുകാരന് അധിക തുക നൽകി |
| 12 | 3-4 | പഠനമുറി പ്രോജക്ടിലെ അപാകതകൾ |
| 13 | 3-5 | വീട് പുനരുദ്ധാരണം -അർഹതാ രേഖകൾ ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകി |
| 14 | 3-6 | 21,24,631/- രൂപ ചെലവഴിച്ച മരാമത്ത്പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല |
| 15 | 3-7 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ – വികസന സാധ്യത ഉറപ്പാക്കുന്നില്ല |
| 16 | 3-8 | പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള കരാറുകളിൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നില്ല. |
| 17 | 3-9 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിയിൽ അംഗീകൃത ചെലവിനനുസൃതമായി തുക നിജപ്പെടുത്തിയില്ല |
| 18 | 3-10 | വെള്ളപ്പൊക്കത്തിൽ രേഖകൾ നഷ്ടപ്പെട്ടു |
| 19 | 3-11 | ബഡ്സ് സ്കൂൾ വാഹനം വാടകയ്ക്കെടുക്കൽ –ക്വട്ടേഷനിൻ വ്യക്തതയില്ല. |

| | | |
|---|---|---|
| 20 | 3-12 | ആയുർവേദ മരുന്ന് വാങ്ങൽ - ഔഷധിയിൽ നിന്നും ലഭിച്ച മരുന്നിൽ കേടായവ മാറ്റി ലഭിച്ചിട്ടില്ലാത്തത് സംബന്ധിച്ച്. |
| 21 | 3-13 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു. |
| ഭാഗം – 4 | | |
| 22 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 23 | അനുബന്ധം-I | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 24 | അനുബന്ധം-II | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 89743000 | 87498000 |
| വാർഷിക കണക്ക് പ്രകാരം | 45680892 | 45370210 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 02.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(51)/2018/ 6.7.18 | വിശേഷണങ്ങളോടു കൂടിയത്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6473395 |
| വരവ് | 45680892 |
| ആകെ | 52154287 |
| ചെലവ് | 45370210 |
| നീക്കിയിരിപ്പ് | 6784077 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 10778644 | 10778644 | 10720153 | 58491 |
| വികസനഫണ്ട് എസ്.സി.പി. | | 2477486 | 2477486 | 1904000 | 573486 |
| വികസനഫണ്ട് ടി.എസ്.പി. | | 10996 | 10996 | -- | 10996 |
| സംരക്ഷണഗ്രാന്റ് റോഡ് | | 9057311 | 9057311 | 9057164 | 147 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2660501 | 2660501 | 2321361 | 339140 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 5030505 | 5030505 | 3824935 | 1205570 |
| കെ.എൽ.എസ്.ജി. ഡി പി | | 2540612 | 2540612 | 1304244 | 1236368 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 2751314 | 4933000 | 7684314 | 6904709 | 779605 |
| എസ്.ബി.ഐ ലിറ്ററസി | 2480 | 92 | 2572 | -- | 2572 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 7806 | 290 | 8096 | -- | 8096 |
| എം.എൻ.ആർ.ഇ. ജി. എസ് | 300 | 2698959 | 2699259 | 2609441 | 89818 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ (Total Sanitation) | 441386 | 1310495 | 1751881 | 68880 | 1683001 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | 890000 | 890000 | 190000 | 700000 |
| കറന്റ് അക്കൗണ്ട് | | 8113 | 8113 | -- | 8113 |
| ബി ഫണ്ട് | -- | 29520 | 29520 | 29520 | -- |
| കുട്ടനാട് പാക്കേജ് | 1584879 | 59034 | 1643913 | -- | 1643913 |
| എസ്.എസ്.എ | 25083 | 935 | 26018 | -- | 26018 |
| തനത് ഫണ്ട് | 1426005 | 6525965 | 7951970 | 6325874 | 1626096 |
| എസ്.ബി.ഐ.പ്ലാൻ | 15395 | 574 | 15969 | -- | 15969 |
| ക്യാഷ് (തനത്) | 109929 | 88005 | 197934 | 109929 | 88005 |
| ജീവധാര | 108818 | 4053 | 112871 | -- | 112871 |
| ആകെ | 6473395 | 49105090 | 55578485 | 45370210 | 10208275 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 176 | 103005994 | 129 | 31003037 | 4 | 43 | 73.3% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 300 | 2698959 | 2699259 | 2609441 | 89818 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | – | 9801199 | 9801199 | 9801199 | -- |
| ആകെ | 300 | 12500158 | 12500458 | 12410640 | 89818 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 29520 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 11190900 | 938 |
| വിധവാപെൻഷൻ | 3757600 | 311 |
| വാർദ്ധക്യകാലപെൻഷൻ | 7479800 | 578 |
| വികലാംഗപെൻഷൻ | 1726400 | 138 |
| വിവാഹ ധനസഹായം | 90000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 130800 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.3. 2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22246/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.2.2019 | 1/2019 | 13.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2019 മുതൽ 11.2.2019 വരെ | 2012-13 മുതൽ 2017-18 വരെ | ലഭിച്ചിട്ടില്ല. |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(51)/2018/6.7.18 നമ്പരായുള്ള സാക്ഷ്യപത്രം പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത അപാകതകൾ നിലവിലും പരിഹരിച്ചിട്ടില്ല. കൂടാതെ പെൻഷൻ ഇനത്തിൽ തൻവർഷം നൽകിയിട്ടുള്ള താഴെ പറയുന്ന തുകകൾ വാർഷിക കണക്കിൽ (I-6) ഉൾപ്പെട്ടിട്ടില്ല.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| വാർദ്ധക്യകാലപെൻഷൻ | 7479800 |
| വികലാംഗപെൻഷൻ | 1726400 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 130800 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

1. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 90/-രൂപയും, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 60/-രൂപയും, 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്രമീറ്ററിന് 50/-രൂപയുമാണ്. ഒരു ഷോപ്പിംഗ് കോംപ്ലക്സിനെ ഒരു കെട്ടിടമായി കണക്കാക്കി അതിന്റെ ആകെ തറ വിസ്തീർണ്ണത്തിന് ആനുപാതികമായി നികുതി നിർണ്ണയിക്കുന്നതിന് പകരം അതിലെ വിവിധ കടമുറികളെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം

സംഭവിക്കുന്നുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | വികാരി, ഔവർ ലേഡി ഓഫ് ഡോളോഴ്സ്, കൈനടി | 13/304A മുതൽ 13/304 E വരെ 5 കടമുറികൾ. | 157.41 ച.മീ. |
| 2 | എം.ആർ നാരായണൻ, പുന്നാമ്പിൽ വീട്, തലവടി | 8/348 A മുതൽ 8/348 Dവരെ 4 കടമുറികൾ. | 197.98 ച.മീ. |
| 3 | തോമസ് ജോർജ്, കറുകയിൽ, കൈനടി | 13/98 മുതൽ 13/98-E വരെ 6 കടമുറികൾ. | 288 ച.മീ |

ക്രമ നമ്പർ 1ൽ പരാമർശിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 13/304-C നമ്പർ കടമുറി ഒഴികെയുള്ള എല്ലാ കടമുറികളുടേയും വഴി സൗകര്യം 5 മീറ്ററിൽ കൂടുതലുള്ള റോഡ് എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും ടി കടമുറിയുടെ മാത്രം വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതലുള്ള റോഡ് എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ് ഒഴിവാക്കിയിരിക്കുന്നു. ക്രമ നമ്പർ 3ൽ പരാമർശിച്ചിട്ടുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സിലെ ആറ് കടമുറികളിലൊന്നായ 13/98-E കടമുറിയുടെ വസ്തുനികുതിയിലും ഇത്തരത്തിൽ അടിസ്ഥാന വസ്തു നികുതിയിലുള്ള വർദ്ധനവ് ഒഴിവാക്കുന്നതിനായി വഴി സൗകര്യം 1.5 മീറ്ററിൽ കൂടുതലുള്ള റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. കരുണാകര കൈമൾ, ചന്ദ്രനിലയം എന്നയാളുടെ 157.99ച.മീ വിസ്തീർണ്ണമുള്ള 4/24 നമ്പർ കെട്ടിടത്തിന്റെ (പാർപ്പിടാവശ്യം) സഞ്ചയ ഫോം 6 പരിശോധിച്ചതിൽ, വഴി സൗകര്യം 5 മീറ്ററിൽ കൂടുതലുള്ള റോഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ സമീപം സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 10% വർദ്ധനവ് വരുത്തിയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ അടിസ്ഥാന വസ്തു നികുതിയിൽ ഇതനുസരിച്ചുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.
3. സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തൽ പ്രകാരം സിബി തോമസ് എന്നയാളുടെ 4/24-B നമ്പർ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ തറ നിർമ്മിച്ചിരിക്കുന്നത് മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ ഉപയോഗിച്ചാണ്. ഇത്തരം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 10% വർദ്ധനവ് വരുത്തിയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ഇവിടെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.
4. ശ്രീ.എം.ആർ നാരായണന്റെ ഉടമസ്ഥതയിലുള്ള 8/348 നമ്പർ കെട്ടിടത്തിൽ (വിസ്തീർണ്ണം 104.16 ച.മീ) പ്രവർത്തിക്കുന്ന ഫ്യുവൽ സ്റ്റേഷൻ സ്ഥിതിചെയ്യുന്നത് PWD റോഡിന് (5 മീറ്ററിൽ കൂടുതൽ) സമീപമാണെങ്കിലും സഞ്ചയ ഫോം 6ൽ ഒന്നര മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് എന്ന് രേഖപ്പെടുത്തിയതു മൂലം അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിനാൽ സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ലൈസൻസില്ലാതെയും നികുതി ഒടുക്കാതെയും എക്സ്പോർട്ടിംഗ് ഫാക്ടറി പ്രവർത്തിക്കുന്നു.

നാലാം വാർഡിൽ പ്രവർത്തിക്കുന്ന സാർക്ക് സ്പൈസ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഡി&ഒ ലൈസൻസിനായി 2017-18 വർഷം അപേക്ഷ സമർപ്പിക്കുകയുണ്ടായി. സുഗന്ധവ്യഞ്ജനങ്ങൾ സംസ്കരിച്ച് വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്ന ഫാക്ടറിയാണിത്. അപേക്ഷയോടൊപ്പം ഡിവിഷണൽ ഫയർ ഓഫീസറുടെ നിരാക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥലത്തിന്റെ കൈവശവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, സൈറ്റ് പ്ലാൻ മുതലായ രേഖകൾ ഹാജരാക്കാതിരുന്നതിനാലും ഫാക്ടറി കോമ്പൗണ്ടിൽ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതിനാലും ലൈസൻസ് നൽകിയില്ല. അപാകതകൾ പരിഹരിച്ച് ലൈസൻസ് കരസ്ഥമാക്കുന്നതിന് 19.7.2017ൽ സ്ഥാപനത്തിന് കത്ത് നൽകിയെങ്കിലും ലൈസൻസ് ഇല്ലാതെയാണ് ഇപ്പോഴും സ്ഥാപനം പ്രവർത്തിക്കുന്നത്. 2017-18, 2018-19 വർഷങ്ങളിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ടി ഫാക്ടറിക്കെതിരെ യാതൊരുവിധ തുടർനടപടിയും സ്വീകരിച്ചിട്ടില്ല. കൂടാതെ ഡി&ഒ ലൈസൻസിനായി സ്ഥാപനം ഹാജരാക്കിയ അപേക്ഷയിൽ 30 ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഫാക്ടറി കോമ്പൗണ്ടിലുള്ള നാല് കെട്ടിടങ്ങൾക്ക് മാത്രമാണ് കെട്ടിട നമ്പർ ഉള്ളതെന്നും റോമെറ്റീരിയൽ ഗോഡൗൺ, ജനറേറ്റർ റൂം, സെക്യൂരിറ്റി റൂം മുതലായ കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ നിന്നും നമ്പർ അനുവദിച്ചിട്ടില്ലെന്നും 15.7.2017ൽ ഫാക്ടറിയിൽ നേരിട്ട് പരിശോധനയിൽ ബോധ്യപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നിയമലംഘനങ്ങൾക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിനെതിരെ കർശന നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതിരുന്നതിനാൽ നിരവധി സ്ഥാപനങ്ങൾക്ക് 2017-18 വർഷത്തേയ്ക്കുള്ള ഡി&ഒ ലൈസൻസ് നിഷേധിക്കുകയുണ്ടായി. എന്നാൽ ടി സ്ഥാപനങ്ങൾ നിയമാനുസൃതം ലൈസൻസ് കരസ്ഥമാക്കുവാൻ ശ്രമിക്കാതെ അനധികൃതമായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ബഹുഭൂരിപക്ഷവും പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിന് നൽകിയ കെട്ടിടങ്ങളിലാണ്. കെട്ടിട നികുതിയായി കൂടുതൽ തുക ഒടുക്കേണ്ടി വരുമെന്നതിനാൽ ഇവയുടെ ഉപയോഗക്രമം മാറ്റി ലൈസൻസ് കരസ്ഥമാക്കുന്നതിന് സ്ഥാപന ഉടമകൾ താല്പര്യം കാണിക്കുന്നില്ല. ഇത്തരത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നിഷേധിക്കുവാനുള്ള കാരണം |
|---|---|---|
| 1 | ആഗ്നൽ സ്റ്റോഴ്സ് (റെജിമോൻ ജോസഫ്, ചക്കാല) | പാർപ്പിടാവശ്യത്തിന് നൽകിയ 5/227 നമ്പർ കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു. |
| 2 | ലക്ഷ്മി ടീ ഷോപ്പ് (പ്രദീപ്. വി, പയ്യംപള്ളി) | പാർപ്പിടാവശ്യത്തിന് നൽകിയ 4/296B നമ്പർ കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു. |

| | | |
|---|---|---|
| 3 | സെന്റ് ജോർജ് ടീഷോപ്പ് (ജിജോ തോമസ്) | പാർപ്പിടാവശ്യത്തിന് നൽകിയ 13/87 നമ്പർ കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു. |
| 4 | സിൽക്കാ സെപ്റ്റിക് ടാങ്ക് നിർമ്മാണം (സജിമോൻ പുത്തൻവീട്ടിൽ) | പാർപ്പിടാവശ്യത്തിന് നൽകിയ 2/244A നമ്പർ കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നു. |
| 5 | രമ്യ സ്റ്റോഴ്സ് (രാജപ്പൻ മുണ്ടയ്ക്കൽ) | സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിച്ചിട്ടില്ല. |
| 6 | ശരവണ ഫർണീച്ചർ മാർട്ട് (പ്രശോഭ്.വി.പ്രസാദ്, പെരിഞ്ചേരിയിൽ) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ഹാജരാക്കിയില്ല. |
| 7 | ബഥേൽ സ്റ്റോഴ്സ് (കെ.എം. ജോസഫ് പരുത്തിക്കളം) | സ്ഥാപനം തുടങ്ങുന്നതിനായി നിർമ്മിച്ചിട്ടുള്ള ഷെഡിന് നമ്പർ ലഭിച്ചിട്ടില്ല. |
| 8 | ജെ&റ്റി റബേഴ്സ് (മിക്കി.കെ.ജേക്കബ്) | ഫാക്ടറീസ് & ബോയിലേഴ്സിന്റെ അനുമതി പത്രം ഹാജരാക്കിയില്ല. |
| 9 | എസ്.എച്ച് എഞ്ചിനീയറിംഗ് (എൻ.ഷാബം, കൊല്ലംപറമ്പിൽ) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ഹാജരാക്കിയില്ല. |

ഇതുപോലെ നിരവധി സ്ഥാപനങ്ങൾ പലവിധ കാരണങ്ങളാൽ 2017-18, 2018-19 വർഷങ്ങളിൽ നിയമാനുസൃത ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലും പരിശോധിച്ചതിൽ നിന്നും വ്യക്തമായി. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന വ്യപാര സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ --

1. പഞ്ചായത്തിലെ നാലാം വാർഡിൽ പ്രവർത്തിക്കുന്ന സാർക്ക് സ്പൈസ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന എക്സ്പോർട്ടിംഗ് സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി രണ്ട് അർദ്ധ വാർഷങ്ങളിലെ തൊഴിൽ നികുതി പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

2. നീലംപേരൂർ സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാരിയായ സന്ധ്യ.എസ്-ന്റെ രണ്ടാം അർദ്ധ വാർഷിക വരുമാനമായി പത്രികയിൽ കാണിച്ചിരിക്കുന്നത് 99,066/- രൂപയാണ്. ഇതനുസരിച്ച് ടിയാരിയിൽ നിന്നും 750/- രൂപയാണ് തൊഴിൽ നികുതിയായി ഈടാക്കേണ്ടത്. എന്നാൽ 450/- രൂപ മാത്രമാണ് രസീത് നമ്പർ 117080101337/ 28.2.2018 പ്രകാരം ഈടാക്കിയത്. കുറവ് വന്ന 300/- രൂപ പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.
3. നീലംപേരൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായ 17600/- രൂപ (117080101335/ 31.1.2018) പഞ്ചായത്തിൽ ഒടുക്കിയിരിക്കുന്നത് 31.01.2018ൽ ആണ്. ഒന്നാം അർദ്ധ വർഷത്തെ നികുതി യഥാസമയം ഒടുക്കാതിരുന്നിട്ടും പിഴപ്പലിശ ഈടാക്കിയിട്ടില്ല.

10/2017 മുതൽ 01/2018 വരെയുള്ള പിഴപ്പലിശ കണക്കാക്കി ഈടാക്കി അറിയിക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. 2017-18 വർഷം ഏഴ് കരാറുകാർ വിവിധ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
5. താഴെപറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

    1. നാരകത്തറ സർവ്വീസ് സഹകരണ ബാങ്ക്.
    2. ചെറുകര സർവ്വീസ് സഹകരണ സംഘം, കൈനടി.
    3. നീലംപേരൂർ സർവ്വീസ് സഹകരണ സംഘം
    4. സാർക്ക് സ്പൈസ് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്

## 2-5 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - പഞ്ചായത്തിന് ലഭിക്കേണ്ടതായ കളക്ഷൻ ചാർജ്ജ് ഡിമാന്റ് ചെയ്യുന്നില്ല

1996-ലെ കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട് പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KCCWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് നാളിതുവരെ പഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് 90 മരാമത്ത് പ്രവൃത്തികളിൽ നിന്നായി 167129/- രൂപ സെക്രട്ടറി, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്, തിരുവനന്തപുരം പേർക്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകുകയുണ്ടായി. ടി പ്രവൃത്തികളിൽ നിന്ന് റിക്കവറി ചെയ്തിട്ടുള്ള KCCWF തുകയുടെ നിയമാനുസൃത കളക്ഷൻ ചാർജ്ജായ 1671/- രൂപ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ തിരികെ ലഭ്യമാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ 48 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 96450/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.
*പ്രവൃത്തികളുടെ വിശദാംശം അനുബന്ധം3- ആയി ചേർത്തിട്ടുള്ളത് കാണുക.*
എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 34.24 ലക്ഷം ചെലവഴിച്ചില്ല

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 3.25 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ 2.91കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 73.3% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 34.24ലക്ഷം രൂപ നഷ്ടമായി. വിശദാംശം ചുവടെ

| ഇനം | അലോട്ട് ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 10778644 | 10720153 | 58491 | 99.45 |
| വികസന ഫണ്ട് - SCP | 2477486 | 1904000 | 573486 | 76.85 |
| വികസന ഫണ്ട് - TSP | 10996 | -- | 10996 | 0 |
| മെയിന്റ. ഗ്രാന്റ് - റോഡ് | 9057311 | 9057164 | 147 | 99.99 |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 2660501 | 2321361 | 339140 | 87.25 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5030505 | 3824935 | 1205570 | 76.03 |
| പെർഫൊർമൻസ് ഗ്രാന്റ് | 2540612 | 1304244 | 1236368 | 51.33 |
| ആകെ | 32556055 | 29131857 | 3424198 | 89.48 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കേണ്ട താണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിലായി 325 എൽ.ഇ.ഡി ലൈറ്റുകൾ (20 W) ചങ്ങനാശ്ശേരിയിലുള്ള സെബിൻ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | എണ്ണം | നിരക്ക് | തുക | ബിൽ നം. |
|---|---|---|---|---|---|
| 1 | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പ്രോജക്ട് നം.224/18) | 226 | 3400 | 768400 | 20/28.2.18 |
| 2 | 13 വാർഡുകളിൽ നിലവിൽ ലൈറ്റ് സ്ഥാപിക്കാത്ത പോസ്റ്റുകളിൽ ലൈറ്റ് സ്ഥാപിക്കൽ (97/18) | 99 | 3400 | 336600 | 19/28.2.18 – 40000<br>27/24.3.18 – 13000<br>21700636/6.3.18 – 283600/- (തനത്) |
| | ആകെ | 325 | 3400 | 1105000 | |

ക്രമ നം. 2 പ്രകാരമുള്ള ബില്ലിൽ നിന്നും ആദായ നികുതി ഇനത്തിലുള്ള (1%) തുക ഈടാക്കിയ ശേഷമാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. എന്നാൽ 768400/- രൂപയുടെ ബില്ലിൽ നിന്നും നിയമാനുസരണം ഈടാക്കേണ്ട ആദായ നികുതി ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. ആയതിനാൽ ടി കരാറുകാരനിൽ നിന്നും ആദായ നികുതി ഇനത്തിൽ 7684/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-3 ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ & വയറിംഗ് - കരാറുകാരന് അധിക തുക നൽകി

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ & വയറിംഗ് എന്ന പ്രവൃത്തി പൂർത്തീകരിച്ചത് 20.06.17 ൽ ആണ്. 30.06.17 നള്ളിൽ പൂർത്തീകരിക്കുന്ന പ്രവൃത്തികളിൽ നിന്നും നിയമ പ്രകാരമുള്ള വാറ്റ് ഈടാക്കേണ്ടതാണ്. എന്നാൽ ടി പ്രവൃത്തിയുടെ മൂല്യത്തിൽ നിന്നും വാറ്റിനത്തിലുള്ള തുക ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയത്. ഇത് മൂലം കരാറുകാരന് 3281/- രൂപ അധികമായി നൽകി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇന വിവരം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക |
|---|---|---|
| പ്രവൃത്തിമൂല്യം | 82030 | 82030 |
| (-) വാറ്റ് 4% | 3281 | -- |
| ആദായ നികുതി | 820 | 820 |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | 820 | 820 |
| കരാറുകാരന് | 77109 | 80390 |

കരാറുകാരന് അധികമായി നൽകിയ 3281/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

പ്രിലിമിനറി എഗ്രിമെന്റിനായുള്ള ബ്ലാങ്ക് മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രവൃത്തി നിർവ്വഹണത്തിനായി കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരന് അധികമായി നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

അനുബന്ധ വിവരങ്ങൾ

പ്രോജക്ട് നം. - 95/18
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

കരാറുകാരൻ - ആർ. ഹരീഷ് (എസ്റ്റിമേറ്റ് നിരക്ക്)

എം.ബുക്ക് - 1/17-18

ബിൽ നം. - 14/29.1.18 - 82030/-

## 3-4 പഠനമുറി പ്രോജക്ടിലെ അപാകതകൾ

എസ്.സി. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രോജക്ടാണ് പഠനമുറി. 89 പേരടങ്ങിയ ഗുണഭോക്തൃലിസ്റ്റിൽ നിന്നും 15 പേർക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു .

ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും ചേർത്തിട്ടില്ല. മാർഗ്ഗരേഖയിലെ വ്യവസ്ഥ പ്രകാരം എൽ.എസ്.ജി.ഡി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കുവാനാണ് സബ്സിഡി തുക അനുവദിക്കേണ്ടത്. എന്നാൽ നിർമ്മിക്കപ്പെട്ട പഠനമുറിയുടെ അളവ് എടുക്കാതെയുള്ള ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് 15 ഗുണഭോക്താക്കൾക്കും സബ്സിഡി തുക നൽകിയിരിക്കുന്നത്.

ചെല്ലമ്മ ബിനു, മുപ്പതിൽ ചിറ എന്ന ഗുണഭോക്താവ് അഡ്വാൻസ് തുകയായ 50000/- രൂപ മാത്രം കൈപ്പറ്റിയതായി കാണുന്നു. ടിയാൾ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രവും ലഭ്യമല്ല.

അപാകതകളിന്മേൽ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് 14 ഗുണഭോക്താക്കളുടേയും പഠനമുറിയുടെ വിസ്തീർണ്ണം 100 ചതുരശ്ര അടിയിലധികരിക്കാതെയാണെന്നും എൽ.എസ്.ജി.ഡി.എഞ്ചിനീയറുടെ മൂല്യനിർണ്ണയം ലഭ്യമാക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയുണ്ടായി. കൂടാതെ ചെല്ലമ്മ ബിനു എന്ന ഗുണഭോക്താവ് ഉത്തരമെച്ചം പണികൾ പൂർത്തിയാക്കിയില്ലായെന്നും ബാക്കി തുക 2018-19 വർഷത്തെ പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ പഠനമുറിയുടെ വിസ്തീർണ്ണം സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തയാറാക്കിയ മൂല്യ നിർണ്ണയ രേഖകളുടെ അഭാവത്തിൽ 14 പേർക്കായി ചെലവഴിച്ച 13,00,000/- രൂപയും ഒരാൾക്ക് അഡ്വാൻസ് ആയി നൽകിയ 50,000/- രൂപയും ഉൾപ്പെടെ 13,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മുൻകൂർ തുക മാത്രം വാങ്ങിയ ചെല്ലമ്മ ബിനു എന്ന ഗുണഭോക്താവിന്റെ വീടിന്റെ പഠനമുറിയുടെ പണി

പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*പ്രോജക്ട് വിശദാംശം*

പ്രോ നം.: 21/18

അടങ്കൽ: 15,00,000/- (വികസന ഫണ്ട് എസ്.സി.പി. - 14,75,000/-; തനത് ഫണ്ട് - 25,000/-)

ചെലവ്: 13,50,000/- രൂപ

{1. ബിൽ നം. 07/17-18/ 09.01.18- 2,50,000/-

2. ബിൽ നം. 08/17-18/ 18.01.18- 4,00,000/-

3.ബിൽ നം. 11/17-18/ 18.01.18- 2,40,000/-

4. ബിൽ നം. 21/17-18/ 22.02.18- 1,80,000/-

5. ബിൽ നം. 23/17-18/ 25.02.18- 25,000/-

6. ബിൽ നം. 25/17-18/ 13.03.18- 1,40,000/-

7. ബിൽ നം. 26/17-18/ 17.03.18- 75,000/-

8. ബിൽ നം. 32/17-18/ 22.03.18- 20,000/-

9. ബിൽ നം. 37/17-18/ 29.03.18- 20,000/- }

## 3-5 വീട് പുനരുദ്ധാരണം -അർഹതാ രേഖകൾ ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിലെ ബി.പി.എൽ വിഭാഗത്തിൽപെട്ട/ 1 ലക്ഷം രൂപയിൽ താഴെ വരുമാന പരിധിയിൽപെട്ടതും വീട് നിർമ്മിച്ച് 8 വർഷം കഴിഞ്ഞതും വീട് വാസയോഗ്യമല്ലാത്തതുമായ 66 കുടുംബങ്ങളുടെ വീട് വാസയോഗ്യമാക്കുന്നതിന് 25000/- രൂപ, എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, നൽകുന്നതിനായി "വീട് പുനരുദ്ധാരണം" (പ്രോ. നം. 17/18 ) എന്ന പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്.

*ടി പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.*

1. ആനുകൂല്യം ലഭിച്ച 66 ഗുണഭോക്താക്കളുടേയും കരാർപത്രത്തിൽ വ്യവസ്ഥകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ നൽകണമെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല .
2. അവസാന ഗഡു നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനിയർ പരിശോധിച്ച്, മൂല്യ നിർണ്ണയം നടത്തുന്നതിന് അനുസരിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കുക എന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിരിക്കേ ആനുകൂല്യം ലഭിച്ച എല്ലാ ഗുണഭോക്താക്കളുടേയും ഭവനം വാസയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയിരിക്കുന്നത് എൽ.എസ്.ജി.ഡി. ഓവർസിയർ ആണ്.

   ടി മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിൽ ചെയ്ത പ്രവൃത്തി ഏതൊക്കെ അളവിലാണെന്ന് വ്യക്തമാക്കിയിട്ടുമില്ല.
3. വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണമെന്ന വ്യവസ്ഥ മിക്ക ഗുണഭോക്താക്കളും പാലിച്ചിട്ടില്ല.
4. കുറഞ്ഞത് 8 വർഷമെങ്കിലും വീടിന് കാലപ്പഴക്കം ഉള്ളവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ എന്നിരിക്കേ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരമനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ വീടിന്റെ കാലപ്പഴക്കം 8 വർഷത്തിൽ താഴെയാണെന്ന് കാണുന്നു.

   a) ശോഭന, അമ്പതിൽ ചിറ, വാർഡ് 9 (വീടിന്റെ കാലപ്പഴക്കം - 2 വർഷം, ഫയൽ നം. A3- 3963/2017 dt: 28.11.2017) ( 25000/- രൂപ കൈപ്പറ്റി)

   b) ഗീതു പ്രദീപ്, മുളയ്ക്കൽ (വീടിന്റെ കാലപ്പഴക്കം - 5 വർഷം ) (20000/- രൂപ കൈപ്പറ്റി)

c) അമ്മിണി, കണ്ടംകരിച്ചിറ (വീടിന്റെ കാലപ്പഴക്കം - 4 വർഷം) (25000/- രൂപ കൈപ്പറ്റി)

കൂടാതെ താഴെപറയുന്ന ഗുണഭോക്താക്കളുടെ വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച രേഖകളും അപേക്ഷയോടൊപ്പം ലഭ്യമല്ല

(i) അമ്മിണി ചന്ദ്രൻ, ചൂരയ്ക്കാട് (25000/- രൂപ കൈപ്പറ്റിയിട്ടുണ്ട്)

(ii) പ്രമോദ്, മെനവുംതറ (25000/- രൂപ കൈപ്പറ്റിയിട്ടുണ്ട്)

(iii) ഇന്ദിരാമ്മ, കല്ലുങ്കൽ (25000/- രൂപ കൈപ്പറ്റിയിട്ടുണ്ട്)

(iv) ആശാ സതീശൻ, കളപ്രാശ്ശേരി (25000/- രൂപ കൈപ്പറ്റിയിട്ടുണ്ട്)

(v) പൊന്നമ്മ, വല്യതറ (12500/- രൂപ കൈപ്പറ്റിയിട്ടുണ്ട്- മുൻകൂർ തുക)

കൂടാതെ താഴെപറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുകയായി 12,500/- രൂപ കൈപ്പറ്റിയതായി കാണുന്നു.

- സുകുമാരൻ, കവലയിൽ
- വിജയകുമാരി, വലിയവീട്
- പൊന്നമ്മ, വല്യതറ

അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 21/05.03.19) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

മുദ്രപത്രത്തിൽ ടി ഗുണഭോക്താക്കൾ കരാറെഴുതിത്തരുന്ന എന്ന മാത്രമേ എഴുതി വാങ്ങിയുള്ളൂവെന്നും ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തെ ഒറ്റ യൂണിറ്റായി കണ്ട് ഭാര്യയുടെയോ ഭർത്താവിന്റേയോ അക്കൗണ്ടിലേയ്ക്ക് പണം നിക്ഷേപിക്കുന്ന രീതിയാണ് സ്വീകരിച്ചതെന്നും അഡ്വാൻസ് തുക നൽകി വീടിന്റെ പണികൾ പൂർത്തീകരിച്ച് ഓവർസിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് അവസാന ഗഡു അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കി. ഭാവിയിൽ ഗുണഭോക്താക്കളുടെ കൈയിൽ നിന്നു എസ്റ്റിമേറ്റ് വാങ്ങാനുള്ള നടപടികൾ സ്വീകരിക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ഗുണഭോക്തൃ ലിസ്റ്റിലുള്ള എല്ലാ വീടുകളിലും പോയി സന്ദർശിക്കാറുണ്ടെന്നും പരാമർശിത 3 വീടുകൾ 8 വർഷം പഴക്കമുണ്ടെന്ന് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും വീട് പണി പൂർത്തീകരിച്ച് രണ്ടോ മൂന്നോ വർഷത്തിന് ശേഷമായിരിക്കും നമ്പരിട്ട് കരം അടയ്ക്കുന്നതെന്നും വളരെ അവിചാരിതമായി ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഓഡിറ്റന്വേഷണത്തിൽ പരാമർശിച്ചിട്ടുള്ള 5 ഗുണഭോക്താക്കളുടെ ഓണർഷിപ്പ് സർട്ടിഫിക്കറ്റും വി.ഇ.ഒ ഓഫീസിൽ നിന്ന് നഷ്ടപ്പെട്ട ഫയലുകളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കി. കൂടാതെ അഡ്വാൻസ് തുക കൈപ്പറ്റിയ സുകുമാരൻ, കവലയിൽ വീട് പണികൾ പൂർത്തീകരിച്ചെന്നും മറ്റ് രണ്ട് ഗുണഭോക്താക്കളായ വിജയകുമാരി, വലിയവീട്, പൊന്നമ്മ, വല്യതറ എന്നിവർ പണികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.

അർഹതാ രേഖകൾ ഉറപ്പ് വരുത്തിയതിന് ശേഷമായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ ധനസഹായം നൽകേണ്ടിയിരുന്നത്. ആയതിനാൽ ടി മറുപടി അപാകതയെ സാധൂകരിക്കുന്നതല്ല. ആയതിനാൽ 8 വർഷ കാലപ്പഴക്കം ഉറപ്പ് വരുത്താതെ രേഖകളുടെ പിൻബലമില്ലാതെ നൽകിയ തുകയായ 70000/- രൂപയും (2x25000+1x 20000) കാലപ്പഴക്ക രേഖകൾ ഹാജരാക്കാത്ത 5 ഗുണഭോക്താക്കൾക്ക് നൽകിയ തുകയായ 112500/- രൂപയും ചേർത്ത് ആകെ 182500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*<u>പ്രോജക്ടിന്റെ വിശദാംശം</u>*

അടങ്കൽ: 16,50,000/- (വികസനഫണ്ട് -പൊ.വി.)

ചെലവ്: 15,80,000/- രൂപ
1) ബിൽ നം. 06/17-18/ 09.01.18- 6,25,000/-

2) ബിൽ നം. 10/17-18/ 18.01.18 – 1,87,500/-

3) ബിൽ നം. 12/17-18/ 18.01.18 – 92,500/-

4) ബിൽ നം. 15/17-18/ 25.01.18 – 12,500/-

5) ബിൽ നം. 16/17-18/ 25.01.18 – 82,500/-

6) ബിൽ നം. 17/17-18/ 25.01.18 – 45,000/-

7) ബിൽ നം. 24/17-18/ 13.03.18 – 2,57,500/-

8) ബിൽ നം. 28/17-18/ 17.03.18 – 1,60,000/-

9) ബിൽ നം. 29/17-18/ 17.03.18 – 10,000/-

10) ബിൽ നം. 30/17-18/ 22.03.18 – 62,500/-

11) ബിൽ നം. 31/17-18/ 22.03.18 – 5000/-

12) ബിൽ നം. 34/17-18/ 25.03.18 – 17,500/-

13) ബിൽ നം. 35/17-18/ 25.03.18 - 5000/-

14) ബിൽ നം. 36/17-18/ 29.03.18 – 17,500/- )

## 3-6 21,24,631/- രൂപ ചെലവഴിച്ച മരാമത്ത്പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല

2017-18 വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ താഴെ പറയുന്ന ചെലവുകൾ പ്രകാരമുള്ള ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല.

| ക്രമ നം. | പ്രോജക്ട് നം./ വിശദാംശം | ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | 114/18 | 90794/- | 02/17-18/23.06.17 |
| 2 | 107/18 | 5487/- | 05/17-18/29.06.17 |
| 3 | 144/18 | 96472/- | 16/17-18/30.06.17 |
| 4 | 167/18 | 122550/- | 19/17-18/13.07.17 |
| | | 50245/- | 35/17-18/14.07.17 |
| 5 | 119/18 | 5748/- | 22/17-18/14.07.17 |
| 6 | 165/18 | 98531/- | 42/17-18/31.07.17 |
| 7 | Constructing Panchayat office | 692651/- | 45/17-18/31.08.17 |
| 8 | Connecting bridge | 264811/- | 46/17-18/31.08.17 |
| 9 | Panchayat well | 31893/- | 47/17-18/13.10.17 |
| 10 | Road from PWD road to Narakatra | 69326/- | 48/17-18/13.10.17 |

| | | | |
|---|---|---|---|
| 11 | PHC maintenance | 81110/- | 49/17-18/13.10.17 |
| 12 | Road maintenance | 169662/- | 52/17-18/07.11.17 |
| 13 | Valythara road maintenance | 200075/- | 53/17-18/07.11.17 |
| 14 | Ayurved Hospital maintenance | 145276/- | 54/17-18/07.11.17 |
| | ആകെ | 21,24,631/- | |

മേൽ ഫയലുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 14/01.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 21,24,631/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ - വികസന സാധ്യത ഉറപ്പാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യവാർഷിക പദ്ധതി (2017-18) മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം. 72/2017/ തസ്വഭവ, 29.03.17 ഖണ്ഡിക 12.10.1 പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

## 3-8 പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള കരാറുകളിൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നില്ല.

കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.(പി)13/2012 പി.ഡബ്ല്യു.ഡി/1-2-2012 സെക്ഷൻ 2112 പ്രകാരം പൂർത്തീകരണത്തിനുള്ള സമയം ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകുന്നത് യഥാർത്ഥ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല എന്നും പരമാവധി ദീർഘിപ്പിച്ചു നൽകുന്നത് പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികമാകാൻ പാടില്ല എന്നും, പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു. ഇതിനായി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതും ഇപ്രകാരം അപേക്ഷ നൽകാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുന്ന കേസുകളിൽ പിഴ ആദ്യതവണ പി.എ.സി.യുടെ 1% പരമാവധി 50000/- രൂപയും ആദ്യതവണക്കുശേഷം 2% പരമാവധി 100000/- രൂപ എന്നക്രമത്തിലും ഈടാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ചു വാങ്ങുകയോ ചെയ്യാത്ത സംഗതികളിൽ കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കണം. [സെക്ഷൻ 2116 (1)]. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മിക്ക പ്രവൃത്തികളിലും പിഴ സംബന്ധിച്ച് 2012 നുമുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുതുക്കിയ മരാമത്ത് മാന്വലിലെ മേൽ വ്യവസ്ഥകൾക്കൂടി ഉൾക്കൊള്ളിച്ച് കൊണ്ട് കരാറിലേർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിയിൽ അംഗീകൃത ചെലവിനനുസൃതമായി തുക നിജപ്പെടുത്തിയില്ല

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ "പഞ്ചായത്ത് പൊതുകിണർ, ഈര (വാർഡ് 14)" എന്ന മരാമത്ത് പ്രവൃത്തിയിൽ 28.03.2017 ന് കൂടിയ ഗുണഭോക്തൃ സമിതിയുടെ വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ച യോഗത്തിലെ തീരുമാനം പ്രകാരം ആകെ മെറ്റീരിയൽ ചാർജ്ജ് 31244/- രൂപയും ലേബർ ചാർജ്ജ് 47200/- രൂപയും ഉൾപ്പെടെ ആകെ ചെലവ് 78444/- രൂപയാണ്. ടി ചെലവുകളെ സാധൂകരിക്കുന്ന ബില്ലുകളും വൗച്ചറുകളും ഫയലിനൊപ്പം ഹാജരാക്കിയിട്ടുമുണ്ട്. എന്നാൽ അളവ് പുസ്തകത്തിലെ പ്രവൃത്തി മൂല്യം 79821/- രൂപ യിൽ നിന്ന് നികുതികളും മറ്റും കിഴിച്ച് 74234/- രൂപ കൺവീനർ പ്രസന്നകുമാറിന് നൽകിയിട്ടുമുണ്ട്. 1999-ലെ ഗുണഭോക്തൃസമിതി മാർഗരേഖയിലെ നിബന്ധന പ്രകാരം അളവ് പുസ്തക പ്രകാരമുള്ള തുകയോ ഗുണഭോക്തൃ സമിതിയുടെ കണക്ക് പ്രകാരമുള്ള തുകയോ ഏതാണോ കുറവ് ആയത് മാത്രമാണ് പ്രവൃത്തി മൂല്യമായി കണക്കാക്കി തുക നൽകേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവിടെ ഗുണഭോക്തൃ സമിതിയുടെ കണക്ക് പ്രകാരം ആകെ തുക 78444/- ആയിരിക്കേ 79821/- പ്രവൃത്തി മൂല്യമായി നിർണ്ണയിച്ച് നൽകിയത് മൂലം കൺവീനർക്ക് അധിക തുക നൽകിയിട്ടുണ്ട്.

യഥാർത്ഥ പ്രവൃത്തി മൂല്യം - 78444/-

നികുതികൾ, മറ്റ് കിഴിവുകൾ - 5490/- ( 3922+ 784+784)

കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക - 72954/- രൂപ

നൽകിയ തുക - 74234/- രൂപ

ഇപ്രകാരം കൺവീനർക്ക് അധിക തുക നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അപാകതയുടെഅടിസ്ഥാനത്തിൽ അധികം നൽകിയ തുകയായ 1280/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*പ്രോജക്ട് വിശദാംശം*

*പ്രോ. നം. - 151/18*

*അടങ്കൽ : 80,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)*

*ചെലവ് തുക - 79821/- (ബിൽ നം. 33/17-18, തീ: 14.07.2017)*

## 3-10 വെള്ളപ്പൊക്കത്തിൽ രേഖകൾ നഷ്ടപ്പെട്ടു

ഹെഡ്മാസ്റ്റർ, ഗവ. യു. പി സ്കൂൾ നിർവ്വഹണം നടത്തിയ 2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ട് ഫയലുകളും രേഖകളും 2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായി ഉണ്ടായ മഹാപ്രളയത്തിൽ നഷ്ടമായതായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് അറിയിക്കുകയുണ്ടായി. ട്രഷറി ബിൽബുക്കും പാസ് ബുക്കും മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയത്. രേഖകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | സ്കൂളിൽ പ്രഭാത ഭക്ഷണം (പ്രോ. നം. 22/18) | 145897/- | 04/17-18/26.02.18- 64988/-<br>06/17-18/28.03.18- 80909/- |
| 2 | അതുല്യം പദ്ധതി (പ്രോ. നം. 23/18) | 73550/- | 07/17-18/31.03.18 |
| 3 | എസ്.എസ്.എ. വിഹിതം നൽകൽ(പ്രോ. നം. 24/18) | 300000/- | 01/17-18/23.07.17 |

| | | | |
|---|---|---|---|
| 4 | എസ്.സി. കുട്ടികൾക്ക് സൈക്കിൾ (പ്രോ. നം. 25/18) | 173770/- | 02/17-18/26.02.18-100000/-<br>03/17-18/26.02.18- 73770/- |
| | ആകെ | 693217/- | |

## 3-11 ബഡ്സ് സ്കൂൾ വാഹനം വാടകയ്ക്കെടുക്കൽ –ക്വട്ടേഷനിൻ വ്യക്തതയില്ല.

പഞ്ചായത്തിന്റെ കീഴിലുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ കുട്ടികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനായി തയ്യാറാക്കി നടപ്പിലാക്കിയ പ്രോജക്ടാണിത്. ഇതുപ്രകാരം വാഹനം വാടകയ്ക്കെടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക (ഒരു മാസത്തേയ്ക്ക് 21000/- രൂപ) ക്വോട്ട് ചെയ്ത ശ്രീ. ഗിരീഷ്, മേച്ചിത്തറ എന്നയാളെ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തു. 25.07.2017ലെ ഐ.സി.ഡി.എസ്/ എൻ.എൽ.പി/04/2017 നമ്പർ ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്നത് കുട്ടികളെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അവരുടെ വീടുകളിൽ നിന്നും സ്കൂളിലേയ്ക്കും തിരികെയും കൊണ്ടുപോകുന്നതിനായി സ്വന്തമായി വാഹനമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നുവെന്നാണ്. ക്വട്ടേഷനിൽ എത്ര ദിവസത്തേയ്ക്കുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടതെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. ആയതിനാൽ ക്വട്ടേഷനിൽ പങ്കെടുത്തവരെല്ലാം ഓരോ മാസത്തേയ്ക്കുള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ശനി, ഞായർ, മറ്റ് അവധി ദിവസങ്ങൾ എന്നിവ ഒഴിവാക്കിയാൽ ശരാശരി 20 പ്രവൃത്തി ദിനങ്ങളാണ് ഓരോ മാസവും ലഭിക്കുന്നത് ആയതിനാൽ ഒരോ മാസവും നിശ്ചിത തുക നൽകുന്നതിന് പകരം വാഹനം ഓടുന്ന ദിവസങ്ങൾക്ക് മാത്രം വാടക നൽകുന്നതാണ് ഉചിതമായ രീതി. ദിവസ വാടക നിരക്കിൽ വാഹനം വാടകയ്ക്ക് എടുക്കുന്നത് പരിഗണിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ആയുർവേദ മരുന്ന് വാങ്ങൽ - ഔഷധിയിൽ നിന്നും ലഭിച്ച മരുന്നിൽ കേടായവ മാറ്റി ലഭിച്ചിട്ടില്ലാത്തത് സംബന്ധിച്ച്.

പ്രോജക്ട് നം. - 14/18

ബിൽ നം. - 2/26.2.18 - 350500/-

ആയുർവേദ ആശുപത്രിയിൽ നിന്നും നൽകിയ ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ഔഷധിയിൽ നിന്നും 29.7.18 ലെ ഇൻവോയ്സ് നം. 90075401 പ്രകാരം വിതരണം ചെയ്ത മരുന്നിൽ താഴെ പറയുന്നവ കേടായ മരുന്നുകളാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ശതാവരിഗുളം 200gm | 54 ബോട്ടിൽ | 53/- | 2862 |
| 2 | സുദർശനം ടാബ് ലെറ്റ് | 36പാക്കറ്റ് | 87/- | 3132 |
| | ആകെ | | | 5994 |

പ്രസ്തുത മരുന്നുകൾക്ക് പകരം പുതിയ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 19.11.18, 26.12.18 തീയതികളിൽ ഔഷധിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പകരം മരുന്നുകൾ ലഭിച്ചതായുള്ള വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. മരുന്നുകൾ ലഭിച്ചിട്ടുള്ള പക്ഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ് ക്രിയമായി തുടരുന്നു.

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. ടി അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31.3.18ലെ നീക്കിയിരുപ്പ് | പരാമർശം |
|---|---|---|---|---|
| 1 | എസ്.ബി.ഐ പ്ലാൻ അക്കൗണ്ട് | 10570933044 | 15969 | പണമിടപാടുകളില്ല. പലിശ വരവ് മാത്രം |
| 2 | എസ്.ബി.ഐ ജീവധാര | 10570932416 | 112871 | |

| | | | | |
|---|---|---|---|---|
| 3 | എസ്.ബി.ഐ സാക്ഷരത | 1057093384 | 2572 | |
| 4 | എസ്.ബി.ഐ എസ്.എസ്.എ | 3004480616 | 26018 | |
| 5 | എസ്.ബി.ഐ. ദുരിതാശ്വാസ നിധി | 1057093235 | 8096 | |
| 6 | എസ്.ബി.ഐ. കുട്ടനാട് പാക്കേജ് | 32569512834 | 1643913 | |

പ്രസിഡന്റിന്റെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വളരെക്കാലമായി നടന്നു കാണുന്നില്ല. ദുരിതാശ്വാസനിധിയിലേക്ക് സംഭാവന സ്വീകരിക്കുന്നതിനും അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുമാവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത മറ്റ് അക്കൗണ്ടുകൾ നിഷ് ക്രീയമായി തുടരുന്നതിനാൽ അവ ക്ലോസ്സ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 55000 | പാൽ സബ്സിഡി | 55000 | -- |
| | | 67500 | സ്കോളർഷിപ്പ് | 67500 | -- |
| | | 700000 | കനാൽ പുനരുദ്ധാരണം | -- | 700000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 67500 | പാൽ സബ്സിഡി | 67500 | -- |
| | | 50750 | സ്കോളർഷിപ്പ് | 50750 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45680892 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45370210 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10965 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3657131 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 7684 | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| 3-3 | | 3281 | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| ആകെ | | 10965 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1350000 | ശ്രീ. സതീഷ് കുമാർ, വി.ഇ.ഒ |
| 3-5 | 182500 | ശ്രീ. സതീഷ് കുമാർ, വി.ഇ.ഒ |
| 3-6 | 2124631 | അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3657131 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>നീലംപേരൂർ ഗ്രാമപഞ്ചായത്ത് | അമീൻ മൻസിൽ,<br>സക്കറിയ വാർഡ്, ആലപ്പുഴ |
| ശ്രീമതി. അജിത അനീഷ്,<br>അസി.എഞ്ചിനിയർ | | ഇത്തിപ്പറമ്പിൽ,<br>പള്ളുരുത്തി.പി.ഒ, കൊച്ചി |
| ശ്രീ.സതീഷ് കുമാർ, വി.ഇ.ഒ | വി.ഇ.ഒ, നീലംപേരൂർ<br>ഗ്രാമപഞ്ചായത്ത് | മേട്ടകുന്നത്ത്, കിടങ്ങറ.പി.ഒ,<br>ചങ്ങനാശ്ശേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 93-94 | എൽ.എഫ്.എ 14/1264/04, തീയതി – 7.12.04 |
| 94-95 | എൽ.എഫ്.എ 14/1265/04 തീയതി 6.11.04 |
| 95-96 | എൽ.എഫ്.എ 10/131/05 തീയതി 8.8.05 |
| 97-98 | എൽ.എഫ്.എ 10/203/03 തീയതി 3.8.05 |
| 97-98 (ചെലവ്) | എൽ.എഫ്.എ 4/303/01 തീയതി 2.3.02 |

| | |
|---|---|
| 98-99 (ചെലവ്) | എൽ.എഫ്.എ 4/11160/02 തീയതി 10.3.03 |
| 2000-01 (ചെലവ്) | എൽ.എഫ്.ജി.എ 4/4/04 തീയതി 5.5.04/1.7.04 |
| 01-02 (ചെലവ്) | എൽ.എഫ്.ജി.എ 4/4/04 തീയതി 5.5.04/1.7.04 |
| 02-03 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.3.10/10.4.10 |
| 03-04 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.3.10/10.4.10 |
| 04-05 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.3.10/10.4.10 |
| 05-06 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.3.10/10.4.10 |
| 06-07 മുതൽ 09-10 | എൽ.എഫ്.എ.പി 5/575/14 തീയതി 9.5.14/10.6.14 |
| 10-11, 11-12, 12-13 | എൽ.എഫ്.എ.പി 10/1519/13 തീയതി 1.4.14/3.6.14 |
| 13-14, 14-15 | കെ.എസ്.എ.എ.എൽ.പി.പി.10/1389/15 തീയതി 12.1.15 |
| 15-16 | കെ.എസ്.എ.എ.എൽ.പി.പി.10/134/17 തീയതി 8.2.17 |
| 16-17 | കെ.എസ്.എ.എ.എൽ.പി.പി.10/1324/17 തീയതി 4.11.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

# അനുബന്ധം - I

കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(11)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 24.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നീലംപേരൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - II

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ